"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കോഴിക്കോട് നഗരസഭയിലെ ജനന-മരണവിഭാഗം ജീവനക്കാർക്കെതിരായി വിജിലൻസ് പരിശോധനാറിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.426/2026/LSGD തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.07.2013 തീയതിയിലെ E12(SC 82/2012/NRK)36211/12 നമ്പർ കത്ത്.
2. നഗരകാര്യഡയറക്ടറുടെ 04.07.2014 തീയതിയിലെ വി2-- 17759/13 നമ്പർ കത്ത്.
3. 20.10.2021 തീയതിയിലെ ഇയു2/103/2015/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.02.2026തീയതിയിലെ LSGD/PD/19195/2023-VIGD5 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് നഗരസഭയിലെ ജനന-മരണവിഭാഗം ജീവനക്കാർക്കെതിരായ പരാതിയിൽ വിജിലൻസ് & ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിലുള്ള വിജിലൻസ് ഡയറക്ടറുടെ പരാമർശം 1 ശിപാർശ പ്രകാരം, വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലുകളിൽ നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. നഗരകാര്യ വകുപ്പ് കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറുടെ, ഇക്കാര്യത്തിലുള്ള അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ ലഭ്യമാക്കിയ പരാമർശം 2 റിപ്പോർട്ട് പ്രകാരം വിജിലൻസ് മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ജീവനക്കാരുടെ ഭാഗത്ത് നിന്നും ഗുരുതരമായി വീഴ്ചകൾ ഉണ്ടായിട്ടില്ലായെങ്കിലും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശമുള്ള തുക രേഖപ്പെടുത്താതിരുന്നു, ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ കൃത്യമായി പരിപാലിക്കാതിരുന്നു, മതിയായ കാരണങ്ങളില്ലാതെ ധാരാളം ഫയലുകളിൽ തീർപ്പുകൽപ്പിച്ചിട്ടില്ല, തുടങ്ങിയ ആരോപണങ്ങളിൽ ജീവനക്കാരുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായതായി കണ്ടതിനാൽ ആരോപണ വിധേയരായ ചുവടേ ചേർക്കുന്ന ജീവനക്കാർക്കെതിരെ പരാമർശം 3 പ്രകാരം കുറ്റാരോപണ മെമ്മോ നൽകി

അച്ചടക്കനടപടി ആരംഭിച്ചിരുന്നു.

i) ശ്രീമതി ഷൈനി പ്രസാദ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II ,
ii) ശ്രീ.രാജൻ പി.എം, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I ,
iii) ശ്രീ.മനോജ് ബി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II ,
iv) ശ്രീ.മനോജ് കെ.കെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II ,
v) ശ്രീ.ദിജിൽ രാജ് എം , ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II ,
vi) ശ്രീ.റജി തോമസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II ,
vii) ശ്രീ.സിനിൽ എസ്.കെ ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II
viii) ശ്രീ.കിരൺ വി.ജി,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II
ix) ശ്രീ.സുബ്ബറാം വി.കെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II
x) ശ്രീ.സുബൈർ എം.കെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II
xi) ശ്രീ.അനി ജെ.കെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II
xii) ശ്രീ.മേഘനാഥൻ ജി.കെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II
xiii) ശ്രീ.സന്തോഷ് ഫിലിപ്പ്,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I

2. കുറ്റാരോപണമെമ്മോയ്ക്ക് മേൽ ജീവനക്കാർ സമർപ്പിച്ച മറുപടിയിൽ ജില്ലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 4 പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അതിൻപ്രകാരം കോഴിക്കോട് കോർപ്പറേഷനിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധന നടന്ന 20/12/2012 ൽ ജനന-മരണ രജിസ്ട്രേഷൻ കൗണ്ടറിൽ ഉണ്ടായ ജോലിത്തിരക്ക് കാരണമാണ് അന്നേ ദിവസം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ഒപ്പ് വെക്കാൻ സാധിക്കാതിരുന്നതെന്നും എല്ലാ ദിവസങ്ങളിലും തങ്ങൾ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശമുള്ള പണം എത്രയൊണെന്ന് രേഖപ്പെടുത്താറുണ്ടെന്നും അന്നേ ദിവസം സംഭവിച്ച തെറ്റ് മാപ്പാക്കി തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നുമാണ് ടി ജീവനക്കാർ പ്രതിവാദ പത്രികയിൽ അപേക്ഷിച്ചിട്ടുള്ളത് എന്നറിയിക്കുകയുണ്ടായി.

3. കോഴിക്കോട് കോർപ്പറേഷൻ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധന നടന്ന 20/12/2012 ൽ ടി കാലയളവിലെ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ പരിശോധനക്ക് വിധേയമാക്കാൻ സാധിച്ചിട്ടില്ലാത്തതാണ് എന്നതിനാൽ ഇക്കാര്യത്തിലുള്ള വസ്തുത മനസിലാക്കാൻ സാധിച്ചിട്ടില്ലാത്തതാണ് എന്നും എന്നിരുന്നാലും ജീവനക്കാർ തങ്ങളുടെ കൈവശമുള്ള പണം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തി എന്ന് വിജിലൻസ് കണ്ടെത്തിയിട്ടുള്ളത് ടി ജീവനക്കാരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി കണക്കാക്കാവുന്നതാണ് എന്നും ഇക്കാര്യത്തിൽ വീഴ്ച ആവർത്തിക്കാതിരിക്കാൻ ടി ജീവനക്കാർക്ക് ശക്തമായി താക്കീത് നൽകി നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം, പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ അഭിപ്രായറിപ്പോർട്ടിൻറെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ചതിൽ 20.12.2012ന് കോഴിക്കോട് കോർപ്പറേഷൻ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽപരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട ടി കാലത്തെ രജിസ്റ്ററുകൾ പരിശോധിച്ച് ക്രമക്കേടുകൾ ബോധ്യപ്പെടുന്നതിന് സാധിച്ചിട്ടില്ലായെന്ന് കാണുന്നു. കൂടാതെ ജനന-മരണ രജിസ്ട്രേഷൻ കൗണ്ടറിൽ ഉണ്ടായ ജോലിത്തിരക്ക് കാരണമാണ് വിജിലൻസ് പരിശോധനാദിവസം ക്യാഷ് ഡിക്ലറേഷൻ

രജിസ്റ്ററിൽ ഒപ്പ് വെക്കാൻ സാധിക്കാതിരുന്നുവെന്നും ആയത് മാപ്പാക്കി തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ജീവനക്കാർ ബോധിപ്പിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ ഇക്കാര്യത്തിൽ വീഴ്ച ആവർത്തിച്ചാൽ ആയത് ഗൗരവത്തോടെ വീക്ഷിച്ച് കർശന നടപടി സ്വീകരിക്കുന്നതാണെന്ന 'താക്കീത്' നൽകിക്കൊണ്ട്, 2012 വർഷത്തെ ക്രമക്കേടുകളിൽ കോഴിക്കോട് നഗരസഭയിലെ ജീവനക്കാർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ , തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ജീവനക്കാർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 19-02-2026 12:47:23

സെക്ഷൻ ഓഫീസർ